ഉത്തരം

(എ) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദിപ്പിക്കുന്ന 10 ഡിസ്റ്റിലറികളും, 8 ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റും 4 ബ്രീവറികളും നിലവിലുണ്ട്.

(ബി) ഇവയുടെ ഉല്പാദനശേഷിയും തൊഴിലാളികളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

പുതുതായി ലൈസൻസ് നൽകിയ ബാറുകൾ

67 [350] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) കാലഹരണപ്പെട്ടതും ലൈസൻസ് പുതുക്കാനുള്ളതുമായ എത്ര ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്;

(സി) അബ്കാരി കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 42 എണ്ണം.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു ബാറിന് കോടതി ഉത്തരവ് പ്രകാരം ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

(സി) കോടതി ഉത്തരവ് പ്രകാരം 19 ബാറുകൾക്ക് ഓരോ ബാറിനും 50% കുടിശ്ശിക അടച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകിയിട്ടുണ്ട്.

അബ്കാരി കേസിൽ പിടിച്ചെടുത്ത വാഹനങ്ങൾ

68 [351] ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ അബ്കാരി കേസുമായി ബന്ധപ്പെട്ട എത്ര വാഹനങ്ങൾ പോലീസ് സ്റ്റേഷനിലും എക്സൈസ് ഓഫീസുകളിലുമായി കിടപ്പുണ്ട് എന്ന് അറിയിക്കാമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങൾ തുരുമ്പെടുത്ത് നശിച്ചു പോകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അബ്കാരി കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് കോടതികളുടെ അനുമതിയോടെ പരസ്യലേലം ചെയ്തു വിൽക്കുന്നതിനാവശ്യമായ നിയമനിർമ്മാണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ അബ്കാരി കേസുമായി ബന്ധപ്പെട്ട് 2319 (രണ്ടായിരത്തി മൂന്നൂറ്റി പത്തൊൻപത്) വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിലും എക്സൈസ് ഓഫീസുകളിലുമായി കിടപ്പുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

സ്പിരിറ്റ് കള്ളക്കടത്ത് കേസുകൾ

69 [352] ശ്രീ. സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ :

,, ടി. പി. എം. സാഹിർ :

,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിൽ സംസ്ഥാനത്ത് സ്പിരിറ്റ് കള്ളക്കടത്ത് സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട്;

(ബി) ഇതിലെ പ്രധാന പ്രതികൾ ആരെല്ലാം;

(സി) കഴിഞ്ഞ ഒരു വർഷത്തിൽ പിടിച്ചെടുത്ത സ്പിരിറ്റിന്റെ അളവ് എത്ര;

(ഡി) പിടിച്ചെടുത്ത സ്പിരിറ്റ് സർക്കാർ വിൽപ്പന നടത്തുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത് എന്തു ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 84 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രധാന പ്രതികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) എക്സൈസ് വകുപ്പ് 1,61,704.2 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. പോലീസ് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly